**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2330** **21-06-2024 - ൽ മറുപടിയ്ക്ക്**

**പ്ലാസ്റ്റിക്ക് ഉത്പന്നങ്ങളുടെ നിരോധനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി. സി. വിഷ്ണുനാഥ്** | | **ശ്രീ. എം.ബി. രാജേഷ്**<br>**(തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് പുനരുപയോഗ യോഗ്യമല്ലാത്ത പ്ളാസ്റ്റിക്ക് ഉത്പന്നങ്ങൾ / കവറുകൾ എന്നിവയ്ക്ക് നിരോധനം ഉണ്ടോയെന്നറിയിക്കാമോ; ഇത്തരം നിരോധിത പ്ളാസ്റ്റിക്ക് ഉല്പന്നങ്ങൾ ഉത്പ്പാദിപ്പിക്കുന്ന കമ്പനികൾ സംസ്ഥാനത്തിനകത്ത് പ്രവർത്തിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത്തരം സ്ഥാപനങ്ങൾക്കെതിരെ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്നറിയിക്കാമോ; | (എ) | സംസ്ഥാനത്തെ മാലിന്യ മുക്തമാക്കുന്നതിന്റെ ഭാഗമായി 01/01/2020 മുതൽ സംസ്ഥാനത്ത് 27.11.2019 തീയതിയിലെ സ.ഉ.(കൈ) നം. 6/2019/ പരി., 17.12.2019 തീയതിയിലെ സ.ഉ.(കൈ) നം.07/2019/പരി. എന്നീ സർക്കാർ ഉത്തരവുകൾ പ്രകാരം ഒറ്റത്തവണ ഉപയോഗിക്കുന്ന പ്ലാസ്റ്റിക്ക് വസ്തുകൾക്ക് നിരോധനം ഏർപ്പെടുത്തി. പിന്നീട് 12/08/2021 ലെ കേന്ദ്ര സർക്കാർ നോട്ടിഫിക്കേഷൻ നമ്പർ G.S.R. 571(E) മുഖേന ഒറ്റത്തവണ ഉപയോഗിക്കാവുന്ന പ്ലാസ്റ്റിക്ക് നിരോധനം ഏർപ്പെടുത്തുകയും ചെയ്തു. പരിശോധനകൾ നടത്തുകയും ഫൈൻ ഈടാക്കുകയും ചെയ്തിട്ടുണ്ട്. 21.03.2023 ലെ സർക്കാർ ഉത്തരവ് GO No. 673/2023/LSGD പ്രകാരം മാലിന്യ സംസ്കരണത്തിലെ ലംഘനം കണ്ടെത്തുന്നതിന് പ്രത്യേക എൻഫോഴ്സ്മെന്റ് സ്ക്വാഡ് രൂപീകരിച്ചു. ടി സ്ക്വാഡ് പരിശോധനകൾ നടത്തി നിയമലംഘനങ്ങൾ കണ്ടെത്തി കർശന നടപടികൾ കൈക്കൊണ്ട് വരുന്നു. തദ്ദേശ സ്ഥാപന തലത്തിൽ വിജിലൻസ് സ്ക്വാഡുകളും പരിശോധന നടത്തി വരുന്നു.<br><br>പേപ്പർ ബാഗ് നിർമാണ യൂണിറ്റുകളെ മലിനീകരണതോത് കുറവായിട്ടുള്ള വെള്ള ക്യാറ്റഗറിയിൽ ഉൾപ്പെടുത്തി കേരളാ സ്റ്റേറ്റ് പോല്യൂഷൻ കൺട്രോൾ ബോർഡ് 15 വർഷത്തെ രജിസ്ട്രേഷൻ നൽകിവരുന്നു.<br><br>2022 ലെ പ്ലാസ്റ്റിക്ക് മാലിന്യ പരിപാലന ചട്ടങ്ങൾ (അമെൻഡ്മെന്റ്) പ്രകാരം പ്ലാസ്റ്റിക്ക് പാക്കേജിംഗ് ഉൽപ്പന്നങ്ങളുടെ നിർമ്മാതാക്കൾ, ബ്രാൻഡ് ഓണേർസ് ഇറക്കുമതിക്കാർ, പ്ലാസ്റ്റിക്ക് മാലിന്യം സംസ്കരിക്കുന്നവർ എന്നിവർ മേൽ ചട്ടങ്ങൾ പ്രകാരം (Extended Producer Responsibility) രജിസ്ട്രേഷൻ |

| | | | |
|---|---|---|---|
| | | | കരസ്ഥമാക്കേണ്ടതാണ്. ആയതിന്റെ ഫലപ്രദമായ നടത്തിപ്പിനായി കേന്ദ്ര മലിനീകരണ നിയന്ത്രണ ബോർഡ് ഒരു ഓൺലൈൻ പോർട്ടൽ 2022 ജൂലൈയിൽ വികസിപ്പിച്ചിട്ടുള്ളതും ടി പോർട്ടലിൽ സംസ്ഥാനത്തെ പ്ലാസ്റ്റിക്ക് പാക്കേജിംഗ് ഉൽപ്പന്ന നിർമ്മാതാക്കൾ, ഇറക്കുമതിക്കാർ, ബ്രാൻഡ് ഓണേർസ് എന്നിവരുടെ രജിസ്ട്രേഷൻ നടത്തിവരുന്നു ഇതിനോടകം 119 നിർമ്മാതാക്കൾ, 138 ഇറക്കുമതിക്കാർ, 27 ബ്രാൻഡ് ഓണേർസ്, 23 പ്ലാസ്റ്റിക്ക് മാലിന്യം സംസ്കരിക്കുന്നവർ എന്നിവർക്ക് രജിസ്ട്രേഷൻ നൽകിയിട്ടുണ്ട്. പാൻ ഇന്ത്യ പ്രോഡക്ട്സിനുള്ള രജിസ്ട്രേഷൻ കേന്ദ്ര മലിനീകരണ നിയന്ത്രണ ബോർഡ് നൽകി വരുന്നു.<br><br>സംസ്ഥാനത്ത് ഒറ്റത്തവണ ഉപയോഗ പ്ലാസ്റ്റിക് ഉൽപന്നങ്ങൾ ഉൽപ്പാദിപ്പിക്കുകയും GST ഡിപ്പാർട്ട്മെന്റിന്റെ HSN കോഡ് മാറ്റിയും ഉൽപന്നനാമം മാറ്റിയും മാർക്കറ്റിൽ വിതരണം ചെയ്യുന്നുവെന്നും അന്യ സംസ്ഥാനത്തേക്ക് കടത്തുന്നുണ്ടെന്നും ചൂണ്ടിക്കാണിച്ചുകൊണ്ട് കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് അതാത് ജില്ലാ ഓഫീസുകൾക്കും GST ഡിപ്പാർട്‌മെന്റിനും നിർദ്ദേശം നൽകിയിട്ടുണ്ട്.<br><br>പ്ലാസ്റ്റിക് കോട്ടിംഗുള്ള പേപ്പർ പ്ലേറ്റ്, പേപ്പർ കപ്പ്, മറ്റ് ഉൽപ്പന്നങ്ങളുടെ അനധികൃത ഇറക്കുമതി തടയുന്നതിനുവേണ്ടി കൊച്ചിൻ പോർട്ടിനും കസ്റ്റംസ് ഡിപ്പാർട്ട്മെന്റിനും കത്ത് മുഖാന്തിരം നിർദ്ദേശം നൽകിയിട്ടുണ്ട്. പ്ലാസ്റ്റിക് വേസ്റ്റ് മാനേജ്മന്റ് റൂൾസിന്റെ കർശന പരിപാലനത്തിനായി മലിനീകരണ നിയന്ത്രണ ബോർഡ് ഇതിനോടകം റെയിൽവേക്കും നിർദേശം കൊടുത്തിട്ടുണ്ട്. ഒറ്റത്തവണ ഉപയോഗ പ്ലാസ്റ്റിക്കുകൾക്കുള്ള ബദൽ ഉൽപ്പന്ന നിർമ്മാതാക്കളുടെ വിവരങ്ങൾ മലിനീകരണ നിയന്ത്രണ ബോർഡ് ശേഖരിച്ച് ക്രോഡീകരിച്ച് പബ്ലിഷ് ചെയ്തിട്ടുണ്ട്. |
| (ബി) | പ്രസ്തുത ഉല്പന്നങ്ങൾ സംസ്ഥാനത്തിന് പുറത്ത് നിന്ന് വരുന്നത് തടയാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്നറിയിക്കാമോ; സർക്കാർ നടപടികൾ ചെറുകിട ഇടത്തരം കച്ചവടക്കാർക്കെതിരെ മാത്രമാക്കാതെ ഇത് നിർമ്മിക്കുകയോ / വൻതോതിൽ സംസ്ഥാനത്തിന് അകത്തേക്ക് കൊണ്ട് വരുന്നവർക്കെതിരെ കൂടി നടപടിയെടുക്കാൻ തയ്യാറാകുമോയെന്നറിയിക്കാമോ? | (ബി) | പരിസ്ഥിതി മലിനീകരണം നിയന്ത്രിക്കുന്നതിന്റെ ഭാഗമായി സംസ്ഥാനത്ത് തദ്ദേശ തലത്തിൽ വിജിലൻസ് സ്ക്വാഡുകളും ജില്ലാ തലത്തിൽ എൻഫോഴ്സ്മെന്റ് സ്ക്വാഡ് പരിശോധനകൾ നടത്തി നിയമലംഘനങ്ങൾ കണ്ടെത്തി കർശന നടപടികൾ കൈക്കൊണ്ട് വരുന്നു. പൊതു സ്ഥലത്തും ജലാശയങ്ങളിലും മാലിന്യം വലിചെറിയുന്നത്തിനെതിരെയും ശക്തമായ നടപടികൾ സ്വീകരിച്ച് വരുന്നു. |

| | | | |
|---|---|---|---|
| | | | ഒറ്റത്തവണ ഉപയോഗ പ്ലാസ്റ്റിക് ഉൽപന്നങ്ങൾ ഉൽപ്പാദിപ്പിക്കുകയും GST ഡിപ്പാർട്ട്മെന്റിന്റെ HSN കോഡ് മാറ്റിയും ഉൽപന്നനാമം മാറ്റിയും മാർക്കറ്റിൽ വിതരണം ചെയ്യുന്നുവെന്നും അന്യസംസ്ഥാനത്തേക്ക് കടത്തുന്നുണ്ടെന്നും ചൂണ്ടിക്കാണിച്ചുകൊണ്ട് കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ അതാത് ജില്ലാ ഓഫീസുകൾക്കും GST ഡിപ്പാർട്ട്മെന്റിനും നിർദ്ദേശം നൽകിയിട്ടുണ്ട്.<br><br>പ്ലാസ്റ്റിക് കോട്ടിംഗുള്ള പേപ്പർ പ്ലേറ്റ്, പേപ്പർ കപ്പ്, മറ്റ് ഉൽപ്പന്നങ്ങളുടെ അനധികൃത ഇറക്കുമതി തടയുന്നതിനുവേണ്ടി കൊച്ചിൻ പോർട്ടിനും കസ്റ്റംസ് ഡിപ്പാർട്ട്മെന്റിനും കത്ത് മുഖാന്തിരം നിർദ്ദേശം നൽകിയിട്ടുണ്ട്.<br><br>പ്ലാസ്റ്റിക് വേസ്റ്റ് മാനേജ്മെന്റ് റൂൾസിന്റെ കർശന പരിപാലനത്തിനായി റയിൽവേക്കും നിർദ്ദേശം കൊടുത്തിട്ടുണ്ട്.<br><br>കേരളത്തിനകത്തേക്കും പുറത്തേക്കും മാലിന്യങ്ങളുടെ നീക്കം നിരീക്ഷിക്കുന്നതിന് Online Vehicle Tracking System രൂപീകരിച്ചുവരുന്നു.<br><br>പുനഃചംക്രമണം ചെയ്യാൻ സാധ്യമാകാത്ത പ്ലാസ്റ്റിക്കിനെ സാങ്കേതികമായി നിർമാർജനം ചെയ്യുന്നതിലേക്കായി അടിസ്ഥാനസൗകര്യം വികസിപ്പിക്കുന്നതുമായി ബന്ധപ്പെട്ട് KSPCB, Malabar Cements Ltd ന് നിർദ്ദേശം നൽകിയിട്ടുള്ളതാണ്.<br><br>അജൈവ മാലിന്യങ്ങൾ ശാസ്ത്രീയമായി നിർമാർജ്ജനം ചെയ്യുന്നതിലേക്കായി വേണ്ട ട്രൻസ്പോർട്ടേഷൻ പ്ലാൻ, ലിഫ്റ്റിംഗ് പ്ലാൻ എന്നിവ തദ്ദേശ തലത്തിൽ നടപ്പിലാകി ആയതു നീക്കം ചെയ്യുന്നതിനുള്ള നടപടികൾ ക്ലീൻ കേരള കമ്പനി സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ